# ഗർഭധാരണം: അംഗൻവാടി കേന്ദ്രത്തിൽ തുടക്കിൽ തന്നെ രജിസ്റ്റർ ചെയ്യുക

### *രജിസ്ട്രേഷൻ*

- ഗർഭം ധരിച്ച് ആദ്യത്തെ മൂന്ന് മാസത്തിനകം തന്നെ സഹായക നഴ്സിന്റെയും അംഗൻവാടി പ്രവർത്തകയുടെയും പക്കൽ പേര് രജിസ്റ്റർ ചെയ്യണം.
- എന്നിരുന്നാലും, ഒരു സ്ത്രീ ഗർഭകാലത്ത് വൈകിയാണ് രജിസ്റ്റർ ചെയ്യാൻ എത്തുന്നതെങ്കിൽ, അവർക്ക് രജിസ്ട്രേഷൻ നിഷേധിക്കാതിരിക്കുകയും, രജിസ്റ്റർ ചെയ്യുകയും, ഗർഭകാലത്തിന്റെ ദൈർഘ്യമനുസരിച്ചുള്ള കരുതൽ നൽകുകയും ചെയ്യുക.
- മാതൃ ശിശു സംരക്ഷണ കാർഡിലെ എല്ലാ തലക്കെട്ടുകളുടെയും പ്രാധാന്യവും പ്രസക്തിയും സഹായക നഴ്സ്/അംഗൻവാടി പ്രവർത്തക വിശദീകരിക്കുകയും സംശയങ്ങൾ വല്ലതുമുണ്ടെങ്കിൽ അവ ചോദിക്കാൻ ഗർഭിണിയെയും കുടുംബാംഗങ്ങളെയും പ്രോത്സാഹിപ്പിക്കുകയും അവ്യക്തമായ കാര്യങ്ങൾ വിശദീകരിക്കുകയും വേണം.



### *അംഗൻവാടി കേന്ദ്രത്തിൽ തുടക്കത്തിൽ തന്നെ രജിസ്റ്റർ ചെയ്യുന്നതിന്റെ നേട്ടങ്ങൾ*

- ക്രമമായ ആരോഗ്യ പരിശോധന.
- ഓരോ തവണ സന്ദർശിക്കുമ്പോഴും രക്തവും മൂത്രവും പരിശോധിക്കുക.
- ഇന്ദിരാ ഗാന്ധി മാതൃത്വ സഹയോഗ് യോജനയും ജനനി സുരക്ഷാ യോജനയും പോലെയുള്ള പദ്ധതികളുടെ കീഴിൽ പ്രോത്സാഹനത്തിന് അർഹത.
- എല്ലാ അംഗൻവാടി കേന്ദ്രങ്ങളിലും വേണ്ടപ്പെട്ട സൗകര്യങ്ങളുടെ ലഭ്യത.
- ആവശ്യമാണെങ്കിലും അടിയന്തര ഘട്ടങ്ങളിലും യഥാസമയത്തുള്ള ഗർഭമലസിപ്പിക്കൽ സേവനങ്ങൾ പ്രയോജനപ്പെടുത്തുക.

## ചെയ്യേണ്ട കാര്യങ്ങൾ

- വീടുകൾ സന്ദർശിക്കണം, പ്രത്യേകിച്ചും പുതിയതായി വിവാഹം കഴിച്ചവരെയും ഗർഭിണികളെയും സന്ദർശിച്ച് അംഗൻവാടി കേന്ദ്രത്തിൽ നേരത്തെ രജിസ്റ്റർ ചെയ്യുന്നതിന്റെ നേട്ടങ്ങളെപ്പറ്റി പറയണം.
- നിങ്ങളുടെ പ്രദേശത്തുള്ള എല്ലാ ഗർഭിണികളെയും കണ്ടെത്തുക.
- എസ്.എച്ച്.ജി., മാതൃ സമിതികൾ, സംയോജിത ശിശു വികസന സേവനങ്ങൾ പദ്ധതിയുടെ ഗുണഭോക്താക്കൾ എന്നിവർ മുഖേന ഗ്രാമതല ആരോഗ്യ പോഷകാഹാര ദിനത്തിനു വേണ്ടി (അംഗൻവാടി സഹായി / അംഗീകൃത സാമൂഹികരോഗ്യ പ്രവർത്തക യുമായി ചേർന്ന്) ഗുണഭോക്താക്കളെ സംഘടിപ്പിക്കുക.
- അംഗൻവാടി കേന്ദ്രത്തിൽ തുടക്കത്തിൽ തന്നെ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഉപദേശം ഗർഭിണികൾക്കും അവരുടെ കുടുംബത്തിനും നൽകുക.
- രജിസ്റ്റർ ചെയ്തിട്ടുള്ള ഗർഭിണികളുടെയും അവർക്ക് അർഹമായ നേട്ടങ്ങളുടെയും റെക്കോഡുകൾ സൂക്ഷിക്കുക.



### സഹായക നഴ്സ്/അംഗൻവാടി പ്രവർത്തക ഇവ ഉറപ്പാക്കണം

- എല്ലാ ഗർഭിണികളും അംഗൻവാടി കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യുന്നു എന്നും അവർക്ക് സേവനങ്ങളും പ്രസവത്തിനു മുൻപ് 3 ചെക്കപ്പും ലഭിക്കുന്നു എന്നും.
- മാതൃ ശിശു സംരക്ഷണ കാർഡിൽ ഗർഭം ധരിച്ച മാസത്തിനൊപ്പം രജിസ്ട്രേഷന്റെ തീയതി അതിനുള്ള കോളത്തിൽ രേഖപ്പെടുത്തുന്നു എന്നും.
- ഗർഭിണിയെ അവൾ ഉൾപ്പെടുന്ന അംഗൻവാടി കേന്ദ്രം, ഉപ കേന്ദ്രം അല്ലെങ്കിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യുന്നു എന്നും.
- നിശ്ചിത കാലയളവിനുള്ളിൽ ഗർഭിണികൾ പ്രസവത്തിനുമുൻപുള്ള സന്ദർശനങ്ങൾക്ക് എത്തിച്ചേരുന്നു എന്നും.
- എല്ലാ സന്ദർശനത്തിനും മാതൃ ശിശു സംരക്ഷണ കാർഡ് ഒപ്പം കൊണ്ടുവരികയും ഹാജരാക്കുകയും വേണം എന്നും.